REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 15-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **രാജ്യം ഇന്ന് 78-ാം കരസേനാ ദിനം ആഘോഷിക്കുന്നു. ആശംസ നേർന്ന് രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും.**
- **കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകൾ ആക്കി ഉയർത്താൻ നടപടി ആരംഭിച്ചതായി മന്ത്രി GR അനിൽ.**
- **തൃശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രണ്ടാം ദിവസം മത്സരങ്ങൾ പുരോഗമിക്കുന്നു.**
- **ലോകമെമ്പാടും തമിഴ് ജനത ഇന്ന് പൊങ്കൽ ആഘോഷിക്കുന്നു.**

## വാർത്തകൾ വിശദമായി

രാജ്യം ഇന്ന് 78-ാം കരസേനാ ദിനം ആഘോഷിക്കുന്നു. 'നെറ്റ്‌വർക്കിങ്ങും ഡാറ്റാ സെൻട്രിസിറ്റിയും' എന്നതാണ് ഇത്തവണത്തെ ദിനാഘോഷ പ്രമേയം. കരസേനാ ദിന പരേഡ് ജയ്പൂരിലെ മഹൽ റോഡിൽ പുരോഗമിക്കുകയാണ്.

രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും ധീര

സൈനികർക്കും വിമുക്തഭടൻമാർക്കും കുടുംബങ്ങൾക്കും ആശംസകൾ നേർന്നു.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)....

✪✪✪

രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പരമാധികാരവും കാത്തു സൂക്ഷിക്കുന്നതിൽ കരസേനയുടെ മികവുറ്റ കഴിവുകൾ തുടരുന്നുവെന്നു രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ അതിർത്തികൾ പ്രതിരോധിക്കുന്ന സൈനികർ ദുരന്തഘട്ടങ്ങളിൽ ചെയ്യുന്ന നിർണായക സേവനങ്ങൾ വിലപ്പെട്ടതാണെന്ന് രാഷ്ട്രപതി പറഞ്ഞു.

സൈനികരുടെ അചഞ്ചല ധൈര്യവും അച്ചടക്കവും രാജ്യരക്ഷയിൽ അവരുടെ ത്യാഗവും ഓരോ ഇന്ത്യക്കാരനും പ്രചോദനമാണെന്നും ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

സൈന്യത്തിന്റെ ധൈര്യത്തിനും ദൃഢനിശ്ചയത്തിനും രാഷ്ട്രം അഭിവാദ്യം അർപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ പോലും രാജ്യത്തെ സംരക്ഷിക്കുന്ന നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകമായി സൈനികർ നിലകൊള്ളുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

കരസേനയുടെ അധമ്യമായ ധീരതയേയും ത്യാഗത്തെയും രാഷ്ട്രം നമിക്കുന്നുവെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗും പറഞ്ഞു.

✪✪✪

കരസേനാ ദിനാഘോഷത്തോട് അനുബന്ധിച്ച് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ ആശംസാ സന്ദേശം.

....HOLD......

✪✪✪

തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ കരസേനാ ദിനം ആചരിച്ചു. രക്തസാക്ഷി മണ്ഡപത്തിൽ സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ പുഷ്പചക്രം സമർപ്പിച്ചു.

✪✪✪

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി പാർലമെന്റിലെ സംവിധാൻ സദനിൽ ഉദ്ഘാടനം ചെയ്തു . ലോക്സഭാ സ്പീക്കർ ഓംബിർള സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു .

42 കോമൺവെൽത്ത് രാജ്യങ്ങളിലെയും നാല് അർദ്ധ സ്വയംഭരണ പാർലമെന്റുകളിലെയും 61 സ്പീക്കർമാരും പ്രിസീഡിംഗ് ഓഫീസർമാരുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ഇന്ത്യയുടെ പാരമ്പര്യങ്ങളുടെ ജീവസുറ്റ ഐക്യത്തെ ആഘോഷിക്കുന്നതിനൊപ്പം അവയുടെ തനതായ സ്വത്വങ്ങളെ ആദരിക്കുന്നതുമാണ് കാശി-തമിഴ് സംഗമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സംഗമം സംഘടിപ്പിക്കാൻ കാശിയെക്കാൾ മികച്ച സ്ഥലമില്ലെന്നും മോദി അഭിപ്രായപ്പെട്ടു. തമിഴ് ജനതയുമായും സംസ്കാരവുമായും കാശിയുടെ ബന്ധം ആഴത്തിലാണെന്ന് നരേന്ദ്രമോദി പറഞ്ഞു.

✪✪✪

'സ്റ്റാർട്ട് അപ്പ് ഇന്ത്യ' യുടെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കും. സംരംഭകത്വം, ക്രിയാത്മകത എന്നിവയെ പ്രോത്സാഹിപ്പിച്ച് കാര്യക്ഷമ നിക്ഷേപത്തിലൂന്നി മികച്ച യുവതയെ വാർത്തെടുക്കാൻ 2016 ജനുവരി 16 ന് പ്രധാനമന്ത്രി ആരംഭിച്ച പദ്ധതിയാണിത്.

✪✪✪

സപ്ലൈകോയുടെ 50-ാമത് വാർഷികത്തിന്റെ ഭാഗമായി വിവിധ ഇടങ്ങളിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനും നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകൾ ആക്കി ഉയർത്തുന്നതിനും നടപടി ആരംഭിച്ചതായി മന്ത്രി GR അനിൽ പറഞ്ഞു. മലപ്പുറം രണ്ടത്താണിയിലെ സപ്ലൈകോ മാവേലി സ്റ്റോർ, സൂപ്പർ സ്റ്റോറായി ഉയർത്തുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒരു മാസം 300 കോടിയിലധികം രൂപയുടെ വില്പനയും ഓണക്കാലത്ത് 384 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങളുടെ വില്പനയും 50 ലക്ഷത്തോളം കുടുംബങ്ങൾക്ക് എല്ലാമാസവും സപ്ലൈകോയിൽ നിന്ന് സാധനങ്ങൾ ലഭ്യമാക്കാനായെന്നും മന്ത്രി പറഞ്ഞു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും, സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച ആലോചനകൾക്കുമായി CPIM ന്റെ മൂന്നു ദിവസത്തെ കേന്ദ്രകമ്മിറ്റിയോഗം നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. EMS അക്കാദമിയിൽ ചേരുന്ന യോഗത്തിന് വിവിധ സംസ്ഥാനങ്ങളിലെ നേതാക്കൾ എത്തിത്തുടങ്ങി. കേരളത്തിലെയും തമിഴ്നാട്ടിലെയും തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ യോഗത്തിന്റെ പ്രധാന അജണ്ടയാകും. സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായുണ്ടായ തിരിച്ചടിയിൽ നിന്ന് പാഠമുൾക്കൊണ്ട് നിയമസഭാ തിരഞ്ഞെടുപ്പിന് പാർട്ടിയെ സജ്ജമാക്കാൻ ആവശ്യമായ തന്ത്രങ്ങൾ കേന്ദ്രകമ്മിറ്റി കൈക്കൊള്ളും.

അതിനിടെ, സംസ്ഥാന ഗവൺമെന്റിന്റെ വികസന- ജനക്ഷേമ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിന് പാർട്ടി സംസ്ഥാന വ്യാപകമായി ആരംഭിച്ച ഗൃഹസമ്പർക്ക പ്രചാരണം തുടരുകയാണ്. ഒരാഴ്ചത്തെ പ്രചാരണത്തിനാണ് പാർട്ടി നിർദ്ദേശം.

✪✪✪

മുന്നണിമാറ്റം സംബന്ധിച്ച അഭ്യൂഹത്തിനിടെ കേരള കോൺഗ്രസ് M ജോസ് കെ മാണി വിഭാഗം സ്റ്റിയറിങ് കമ്മിറ്റി യോഗം നാളെ കോട്ടയത്ത് ചേരും. ചെയർമാൻ, വൈസ് ചെയർമാൻമാർ, ജനറൽ സെക്രട്ടറിമാർ, ജില്ലാപ്രസിഡണ്ടുമാർ, പോഷക സംഘടനാ സംസ്ഥാന ഭാരവാഹികൾ തുടങ്ങിയവരുൾപ്പെടെ 86 പേർ യോഗത്തിൽ പങ്കെടുക്കും. മുന്നണിമാറ്റ സൂചനകൾ ഉയർന്നതിനെ തുടർന്ന് ജോസ് കെ മാണി വിഭാഗം നേതാക്കളുമായി LDF നേതൃത്വം കഴിഞ്ഞ ദിവസം ചർച്ച നടത്തിയിരുന്നു. UDF വിപുലീകരണം സംബന്ധിച്ച് നിലവിൽ ഔദ്യോഗിക ചർച്ചകൾ നടന്നിട്ടില്ലെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഇന്നലെ തിരുവനന്തപുരത്ത് വ്യക്തമാക്കി. എന്നാൽ UDF മായി സഹകരിക്കാൻ താത്പര്യമറിയിക്കുന്നവരുമായി ചർച്ച നടത്തുമെന്നും വേണുഗോപാൽ പറഞ്ഞു.

PJ ജോസഫ് നേതൃത്വം നൽകുന്ന കേരളാ കോൺഗ്രസ് വിഭാഗത്തിന്റെ പ്രത്യേക കൺവെൻഷനും നാളെ കോട്ടയത്ത് ചേരുന്നുണ്ട്.

✪✪✪

തൃശ്ശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രണ്ടാം ദിവസം മത്സരങ്ങൾ പുരോഗമിക്കുന്നു.

249 മത്സര വിഭാഗങ്ങളിൽ 58 മത്സരങ്ങളാണ് ഇതുവരെ പൂർത്തിയായത്. 63 ഇനങ്ങളുടെ മത്സര ഫലം പ്രഖ്യാപിച്ചു. ഹൈസ്കൂൾ ജനറൽ വിഭാഗത്തിൽ 101 മത്സര ഇനങ്ങളിൽ 28 എണ്ണം പൂർത്തിയായി. ഹയർ സെക്കൻഡറി ജനറൽ വിഭാഗത്തിൽ ആകെ 110 മത്സര ഇനങ്ങളിൽ 21 എണ്ണം അരങ്ങേറി. സംസ്കൃത കലോത്സവം 19 മത്സര ഇനങ്ങളിൽ 5 എണ്ണം പൂർത്തിയായി.

250 പോയിന്റുമായി കണ്ണൂരാണ് മുന്നിൽ. 248 പോയിന്റുമായി തൊട്ടുപിന്നിൽ കോഴിക്കോടാണ്. 246 പോയിന്റോടെ തൃശ്ശൂർ മൂന്നാം സ്ഥാനത്തുണ്ട്.

✪✪✪

മകരവിളക്ക് കാലത്തിന് സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഈ മാസം 20 ന് അടയ്ക്കും. ഇന്നു മുതൽ മകരമാസ പൂജകൾ ആരംഭിക്കും. 19-ന് രാത്രി ഒൻപതോടെ നട അടയ്ക്കും. തുടർന്ന് മാളികപ്പുറത്ത് ഗുരുതി പൂജ നടത്തും. 20 ന് രാജപ്രതിനിധിക്ക് മാത്രമാണ് ദർശന അനുമതി.

✪✪✪

46-ാമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാനത്തിന്റെ വികസനം സഹകരണ മേഖലയിലൂടെ എന്നതാണ് പ്രമേയം. 9000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യം. ഫെബ്രുവരി 25 വരെ നടത്തുന്ന സമാഹരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം പാമ്പാടിയിൽ മന്ത്രി വി എൻ വാസവൻ വൈകിട്ട് നിർവഹിക്കും.

✪✪✪

ഇന്ന് പാലിയേറ്റീവ് കെയർ ദിനം. കിടപ്പിലായവർക്ക് സാമൂഹ്യപരിചരണം ഉറപ്പാക്കാനും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം പകരാനും ലക്ഷ്യമിട്ടാണ് ജനുവരി 15 പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി ജില്ലകളിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും ധനസമാഹരണവും നടത്തും.

കോഴിക്കോട് ജില്ലയിൽ ഇന്നുമുതൽ 22 വരെ പാലിയേറ്റീവ് വാരാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.

ഗൃഹസന്ദർശനവും രോഗി-ബന്ധു സംഗമവുമുൾപ്പെടെ ബോധവൽക്കരണ പരിപാടികൾ നടത്താൻ ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം നേരത്തെ തീരുമാനിച്ചിരുന്നു. മികച്ച പ്രവർത്തനങ്ങൾ നടത്തിയ NGO-കളെയും വാരാചരണത്തിന്റെ ഭാഗമായി ആദരിക്കും.

✪✪✪

ലോകമെമ്പാടും തമിഴ് ജനത ഇന്ന് കൊയ്ത്തുത്സവമായ പൊങ്കൽ ആഘോഷിക്കുന്നു. തമിഴ് പുതുവത്സരവും ഇന്നാണ്.

✪✪✪

തമിഴ്നാടിനോട് ചേർന്ന പാലക്കാട് ജില്ലയുടെ അതിർത്തി ഗ്രാമങ്ങളും ഇന്ന് പൊങ്കൽ ഉത്സവത്തിന്റെ നിറവിലാണ്. ഇന്ന് തൈപ്പൊങ്കലും , നാളെ മാട്ടുപൊങ്കലും ആഘോഷിക്കും.

വിശദാംശങ്ങളുമായി പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

......(വോയ്സ്).........

✪✪✪

കൊല്ലത്തെ സായി ഹോസ്റ്റലിൽ മരിച്ചനിലയിൽ കണ്ടെത്തിയ വിദ്യാർത്ഥിനികളുടെ ഇൻക്വസ്റ്റ് നടപടികൾ പുരോഗമിക്കുന്നു. പ്ലസ് ടു, പത്താം ക്ലാസ് വിദ്യാർത്ഥിനികളായ കോഴിക്കോട് സ്വദേശിനി സാന്ദ്ര, തിരുവനന്തപുരം ആറ്റിങ്ങൽ സ്വദേശിനി വൈഷ്ണവി എന്നിവരാണ് മരിച്ചത്. വൈഷ്ണവി കബഡി താരവും, സാന്ദ്ര അത്‌ലറ്റിക്സ് താരവുമായിരുന്നു.

✪✪✪

കണ്ണൂർ പയ്യാവൂരിൽ സ്കൂൾ കെട്ടിടത്തിൽ നിന്നും വീണതിനെ തുടർന്ന് ഗുരുതരാവസ്ഥയിൽ ചികിത്സയിലായിരുന്ന പ്ലസ് ടു വിദ്യാർത്ഥിനി മരിച്ചു. പയ്യാവൂർ സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ അയോന മോൺസൺ ആണ് മരിച്ചത്. തിങ്കളാഴ്ചയായിരുന്നു അപകടം.

✪✪✪

ചലച്ചിത്ര നടൻ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ സ്മരണക്കായി ഏർപെടുത്തിയ പുരസ്കാരം നടൻ ശ്രീനിവാസന് മരണാനന്തര ബഹുമതിയായി നൽകുമെന്ന് കൈതപ്രം ദാമോദരൻ നമ്പൂതിരി കണ്ണൂരിൽ അറിയിച്ചു. 50,000 രൂപയും ശില്പവും അടങ്ങുന്ന പുരസ്കാരം ഈ മാസം 24ന്

എറണാകുളത്ത് ശ്രീനിവാസിന്റെ വസതിയിലെ ചടങ്ങിൽ മന്ത്രി വീണ ജോർജ് കൈമാറും.

✪✪✪

കോഴിക്കോട് ദേശീയപാത 66 ലെ വെങ്ങളം രാമനാട്ടുകര റീച്ചിലെ പന്തീരാങ്കാവിൽ സ്ഥാപിച്ച ടോൾ പ്ലാസയിൽ ടോൾ പിരിവ് ആരംഭിക്കുന്നതിൽ പ്രതിഷേധിച്ച് UDF-ന്റെ നേതൃത്വത്തിൽ പ്രതിഷേധം സംഘടിപ്പിച്ചു. സമരക്കാരെ പൊലീസ് നീക്കം ചെയ്തു.

✪✪✪

കാസർകോട്, കുമ്പള ആരിക്കാടി ടോൾ ബൂത്തിലും സംഘർഷാവസ്ഥ. പ്രതിഷേധക്കാർ ക്യാമറകളും ഗേറ്റും തകർത്തു.

ടോൾ ബൂത്തിനെതിരെ AKM അഷറഫ് MLA യുടെ നേതൃത്വത്തിൽ കർമ്മസമിതി അനിശ്ചിതകാല സത്യാഗ്രഹം നടത്തിവരുന്നതിനിടയാണ് അക്രമം.

✪✪✪

സംസ്ഥാന യുവജന ക്ഷേമ ബോർഡും ജില്ലാ പഞ്ചായത്തും ചേർന്ന് സംഘടിപ്പിക്കുന്ന ജില്ലാ കേരളോത്സവത്തിന് കോഴിക്കോട്ട് തുടക്കമായി. ആദ്യ ദിനം പഞ്ചഗുസ്തി, ചെസ് മത്സരങ്ങളാണ് നടന്നത്.

✪✪✪

---

*News Editor :വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: മണികണ്ഠൻ, പ്രവീൺ*
*DEO : ഷീബ*